I ഇ.ബി. XIII-കേരള നിയമസഭ/XIV-21

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വന്ന പിശക് തിരുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

## ചരമോപചാരം

### ആർ. എസ്. ഗവായ്, നിക്കോളാസ് റോഡ്രിഗ്സ് എന്നിവരുടെ നിര്യാണം

മുൻ കേരള ഗവർണ്ണർ ആർ. എസ്. ഗവായ്, മുൻ കേരള നിയമസഭാംഗം

നിക്കോളാസ് റോഡ്രിഗ്സ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തരപ്രമേയം

### വൈദ്യുതി നിരക്ക് വർദ്ധന

മി. സ്പീക്കർ: വിതരണ മേഖല പരിപൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിന് കേന്ദ്ര വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വൈദ്യുതി ചാർജ് കുത്തനെ വർദ്ധിപ്പിച്ചും അധിക സെക്യൂരിറ്റി നിക്ഷേപം ഏർപ്പെടുത്തിക്കൊണ്ടും വൈദ്യുതി ഉപഭോക്താക്കൾക്കുമേൽ 4500 കോടിയോളം രൂപയുടെ അധിക ഭാരം അടിച്ചേല്പിക്കുകയും കഴിഞ്ഞ വർഷത്തെ ഏറ്റവും ഉയർന്ന ബിൽ തുകയ്ക്ക് തുല്യമായ തുക അധിക സെക്യൂരിറ്റി നിക്ഷേപമായി ഓരോ ഉപഭോക്താവിൽനിന്നും ഈടാക്കുന്നതുമൂലവും സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. കെ. ബാലൻ, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കേന്ദ്ര വൈദ്യുതി

നിയമത്തിലെ പുതിയ ഭേദഗതി അനുസരിച്ച് ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി ബോർഡിനും പ്രതികൂലമായ സാഹചര്യം ഉണ്ടാകാൻ പോകുകയാണ്. വൈദ്യുതി വിതരണരംഗം വിഭജിച്ച് ഇന്റർമീഡിയറി കമ്പനി രൂപീകരിക്കുകവഴി ഉല്പാദിപ്പിക്കുന്നതും കരാർ ഒപ്പിട്ട് വാങ്ങുന്നതുമായ മുഴുവൻ വൈദ്യുതിയും സ്വകാര്യ കമ്പനിക്ക് നൽകേണ്ടതായും പ്രസ്തുത കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.യും വിതരണ കമ്പനികളും വൈദ്യുതി വാങ്ങേണ്ടതായും വരും. തൽഫലമായി കെ.എസ്.ഇ.ബി. ഇല്ലാതാകുകയും സ്വകാര്യ വൈദ്യുതി ഉല്പാദന-വിതരണ കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കുന്നതിനുള്ള അവസരമൊരുക്കുന്നതുമാണ്. പുതിയ ഭേദഗതി അംഗീകരിക്കരുതെന്നും പ്രതികൂല വ്യവസ്ഥകൾ ഒഴിവാക്കണമെന്നുമുള്ള സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിലൂടെ 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് സബ്സിഡി നൽകിവരുന്നുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സെക്യൂരിറ്റി നിക്ഷേപം കൊടുക്കുന്ന സംവിധാനം വർഷങ്ങൾക്കുമുമ്പ് നിലവിൽ വന്നതാണ്. വൈദ്യുതി ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് സെക്യൂരിറ്റി നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും അത് അധിക വൈദ്യുതി ഉപഭോക്താക്കളെയാണ് ബാധിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബിൽ പാസ്സാകുന്നതോടെ കേരളത്തിലെ വൈദ്യുതി വിതരണവും വിലനിയന്ത്രണാവകാശവും വൈദ്യുതി നിരക്ക് വർദ്ധിക്കുകയും ചെയ്യും. കേന്ദ്ര നിയമത്തിന്റെ തണലിൽ കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്ക് വലിയ ബാധ്യതയുണ്ടാകും. യു.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ വൈദ്യുതി നിരക്ക് വർദ്ധനവ് കാരണം സാധാരണ ഉപഭോക്താക്കൾക്കും കൃഷിക്കാർക്കും വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെടുകയാണ്. വൈദ്യുതി നിരക്ക് വർദ്ധനവിലൂടെ 4500 കോടിയോളം രൂപയുടെ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഇതിനുപുറമെ 2015-16 വർഷം 1500 കോടി രൂപയുടെ താരീഫ് പെറ്റീഷൻ റഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്. നിയമപ്രകാരം കഴിഞ്ഞ നവംബറിൽ കൊടുക്കേണ്ടിയിരുന്ന പെറ്റീഷൻ നൽകിയിരിക്കുന്നത് 2015 ഏപ്രിൽ മാസത്തിലാണ്. ഉപഭോക്താക്കൾ അമിതഭാരം സഹിക്കേണ്ടി വരുന്നതിനുപുറമെ താരിഫ് വർദ്ധന വരുന്നതിനുമുമ്പുതന്നെ ഇന്ധന സർചാർജ് ഏർപ്പെടുത്താനും തീരുമാനിച്ചിരിക്കുകയാണ്. വീട്ടാവശ്യത്തിനും കാർഷികാവശ്യത്തിനുമുള്ള വൈദ്യുതി നിരക്കിൽ മൂന്നിരട്ടി വർദ്ധനവാണ് വന്നിരിക്കുന്നത്. കുടിവെള്ള പദ്ധതികൾക്ക് കനത്ത വൈദ്യുതി ചാർജിനൊപ്പം വൻതുക ഡെപ്പോസിറ്റ് ചാർജായി ഈടാക്കുന്നതുമൂലം പദ്ധതികൾ വൻ പ്രതിസന്ധി

നേരിടുകയാണ്. എസ്.സി./എസ്.റ്റി. വിഭാഗക്കാരായ ഉപഭോക്താക്കളിൽ ഭൂരിഭാഗവും വൈദ്യുതി ഡിസ്കണക്ഷൻ ഭീഷണി നേരിടുകയാണ്. വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള മുദ്രപ്പത്രത്തിന്റെ വില 500 രൂപയായി വർദ്ധിപ്പിച്ചു. വൈദ്യുതി ക്ഷാമം ഫലപ്രദമായി നേരിടുന്നതിൽ കെ.എസ്.ഇ.ബി പരാജയപ്പെട്ടതുമൂലം കൂടിയ വിലയ്ക്കുള്ള വൈദ്യുതി വാങ്ങേണ്ടിവരികയും ഇതിന്റെ ഭാരം സാധാരണ ജനങ്ങളുടെയും കൃഷിക്കാരുടെയും മേൽ അടിച്ചേൽപ്പിക്കുകയുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച വൈദ്യുതി പദ്ധതികളൊന്നും മുന്നോട്ടുകൊണ്ടുപോയില്ല. വൈദ്യുതി ക്ഷാമം മൂലം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. കേന്ദ്ര ഗവൺമെന്റിൽനിന്നും നേടിയെടുത്ത "വൈതരണി പദ്ധതി " റദ്ദ് ചെയ്യപ്പെട്ടു. കെ.എസ്.ഇ.ബി.യുടെ കടം വർദ്ധിച്ചു. വൈദ്യുതി ബില്ലിന്റെ പേരിൽ കൊള്ള നടക്കുകയാണ്. വട്ടിയൂർക്കാവ് ഡിവിഷനിൽ കൂടിയ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കിയത് സംബന്ധിച്ച് അന്വേഷിക്കണം. റിലയൻസിന് കൊടുത്ത കേബിൾ കരാർ റദ്ദ് ചെയ്യണം. കെ.എസ്.ഇ.ബി. കമ്പനിയെ ഡിസ്മാന്റിൽ ചെയ്യാനുള്ള കേന്ദ്രഗവൺമെന്റ് നയത്തെ അംഗീകരിക്കാൻ പാടില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): യു.ഡിഎഫ്. ഭരണ കാലത്ത്

കെ.എസ്.ഇ.ബി സ്വകാര്യവത്കരിക്കുന്നതിന് ശ്രമിച്ചിട്ടില്ല. കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ മുൻ ഗവൺമെന്റാണ് കമ്പനിവത്കരണം നടത്തിയത്. 1700 മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിൽ ഉത്പാദിപ്പിക്കുന്നത്. വൈദ്യുതി ഷോർട്ടേജ് വരുമ്പോൾ പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നത് ഓപ്പൺ ടെണ്ടറിലൂടെയാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം 25 കൊല്ലത്തേയ്ക്ക് ലോംഗ്ടേം എഗ്രിമെന്റ് വച്ച് ഇന്ത്യയിലേറ്റവും കുറഞ്ഞ റേറ്റിലാണ് ഗവൺമെന്റ് വൈദ്യുതി വാങ്ങുന്നത്. അതുകൊണ്ടുതന്നെ അടുത്ത 30 വർഷത്തേയ്ക്ക് പുതിയ പ്രോജക്ടുകളൊന്നും ആരംഭിക്കാൻ കഴിയുകയില്ല. പള്ളിവാസൽ താപവൈദ്യുത നിലയവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധർ പരിശോധന നടത്തിയതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ടി പ്രോജക്ട് കാൻസൽ ചെയ്തിരിക്കുകയാണ്. 25 മെഗാവാട്ടിന് താഴെയുള്ള പല പ്രോജക്ടുകൾക്കും ഫോറസ്റ്റ് ആന്റ് എൺവയോൺമെന്റ് ക്ലിയറൻസ് ആവശ്യമില്ലെങ്കിലും മറ്റ് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. 199 മെഗാവാട്ടിന്റെ ചെറുകിട ജലസേചന പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റായതുകൊണ്ടാണ് സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്താതെ മൊത്തവരുമാനത്തിന്റെ 102 ശതമാനം തുക ചെലവിട്ട് പുറത്ത് നിന്ന് വൈദ്യുതി വാങ്ങി വിതരണം ചെയ്യുകയും ജീവനക്കാരുടെ ശമ്പളവും

പെൻഷനും നൽകുകയും ചെയ്യുന്നത്. സംസ്ഥാനത്ത് താരിഫും തെർമൽ സർച്ചാർജ്ജും വർദ്ധിപ്പിക്കരുതെന്ന കാര്യത്തിൽ ഗവൺമെന്റിന് ദൃഢനിശ്ചയമുണ്ട്. സെൻട്രൽ ആക്ട് പ്രകാരം വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ മുമ്പാകെ ഫയൽ ചെയ്യുന്ന വരവുചെലവ് കണക്കുകളിൽ കമ്മിയുണ്ടെങ്കിൽ അത് നികത്താനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഇവിടെ ഉന്നയിച്ച വട്ടിയൂർക്കാവിലെ വൈദ്യുതി ചാർജ്ജ് വർദ്ധനവുമായി ബന്ധപ്പെട്ട വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്. മാസാന്ത്യം 120 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്തക്കൾക്ക് സബ്സിഡി ഏർപ്പെടുത്തുകയും ഏകദേശം 1200 കോടി രൂപ ഇതിനായി നീക്കിവയ്ക്കുകയും ചെയ്തു. 4 ജി കേബിൾ കണക്ഷനുമായി ബന്ധപ്പെട്ട് ബി.എസ്.എൻ.എൽ-ന്റെ അപേക്ഷ അവഗണിച്ചുകൊണ്ട് റിലയൻസിന് മാത്രം കെ.എസ്.ഇ.ബി. പോസ്റ്റുകൾ നൽകിയെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. റിലയൻസിന് അനുവദിച്ച റേറ്റിൽത്തന്നെ മറ്റ് സ്ഥാപനങ്ങൾക്കും പോസ്റ്റുകൾ അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാണ്. എസ്.സി./എസ്.ടി ഉപഭോക്താക്കൾക്ക് 20 യൂണിറ്റുവരെ വൈദ്യുതി സൗജന്യമാണ്. എന്നാൽ അതിൽ കൂടുതൽ ഉപയോഗിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടിവരുമെന്നതുകൊണ്ട് അവരുടെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പഴയ എൽ.ഇ.ഡി. ബൾബുകൾ തിരിച്ചുവാങ്ങി പുതിയ രണ്ട്

ബൾബുകൾ നൽകുന്നതും അതിനായി ചെലവാകുന്ന പണം കെ.എസ്.ഇ.ബി. വഹിക്കുന്നതുമാണ്. ഒരു കോൾ പ്രോജക്ടില്ലാതെ കേരളത്തിലെ ഇലക്ട്രിസിറ്റി പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. സർചാർജ് ഒഴിവാക്കാനായി സബ്സിഡി കൊടുക്കേണ്ടി വന്നാൽ കൊടുക്കും. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ കൺസ്യൂമേഴ്സിനെ ബാധിക്കുന്ന രൂപത്തിലുള്ള വൈദ്യുതി സർചാർജോ ചാർജോ വർദ്ധിപ്പിക്കില്ലെന്ന് ഉറപ്പ് നൽകുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>മത്സ്യസമൃദ്ധി പദ്ധതി</u>**

<u>ശ്രീ. ആർ. സെൽവരാജ്</u>: കേരളത്തിലെ 11 ലക്ഷത്തിലധികം വരുന്ന തീരദേശ ജനതയുടെ ഉപജീവനമാർഗ്ഗം മത്സ്യബന്ധനമാണ്. കടൽ മത്സ്യങ്ങളുടെ ലഭ്യത കൊണ്ടുമാത്രം മത്സ്യത്തിന്റെ ആവശ്യകത സമ്പൂർണ്ണമാകുന്നില്ല. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യഉൽപ്പാദനം ഒട്ടനവധി തൊഴിലവസരങ്ങൾ ഒരുക്കുമെന്ന് മാത്രമല്ല കർഷകർക്ക് നല്ല വരുമാനവും ലഭ്യമാക്കുന്നു. ഉൾനാടൻ മത്സ്യഗ്രാമങ്ങളിലെ ഏതാണ്ട് അര ലക്ഷത്തോളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു. പ്രതിവർഷം 1.17 ലക്ഷം ടൺ മത്സ്യഉൽപ്പാദനമാണ് ഉൾനാടൻ ജലാശയങ്ങളിൽ ഇപ്പോൾ നടക്കുന്നത്. ഉൾനാടൻ മത്സ്യഉൽപ്പാദനം

ഇരട്ടിയാക്കുന്നതിനായി സർക്കാർ രൂപം നൽകിയ മത്സ്യസമൃദ്ധി പദ്ധതി 2015-ഓടുകൂടി അവസാനിപ്പിക്കുമെന്നറിയുന്നു. പ്രസ്തുത പദ്ധതി വീണ്ടും നടപ്പാക്കുകയും ഇതിനായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മത്സ്യകർഷകരുടെ അപേക്ഷ പരിഗണിച്ച് ഇവിടത്തെ കർഷകർക്ക് സബ്സിഡി അനുവദിച്ച് പദ്ധതി നടപ്പാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യസമൃദ്ധി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയതിലൂടെ മത്സ്യകൃഷി വ്യാപിപ്പിക്കുവാനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ വിപുലമായ രീതിയിൽ മത്സ്യസമൃദ്ധി പദ്ധതിയുടെ രണ്ടാംഘട്ടം (2015-18) നടപ്പാക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിലൂടെ മത്സ്യകർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കുന്നതോടൊപ്പം കർഷകർക്ക് പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ നൽകാനും ഉദ്ദേശിക്കുന്നുണ്ട്. മത്സ്യസമൃദ്ധി II-ലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്ക് 02.06.2015-ൽ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുവരികയാണ്. 2015 ആഗസ്റ്റ് മാസം 10-ാം തീയതി എറണാകുളം ടൗൺ ഹാളിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മത്സ്യസമൃദ്ധി II പദ്ധതി ഉദ്ഘാടനം ചെയ്യുന്നതാണ്. ഈ സർക്കാർ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റേയും ഇലക്ട്രിസിറ്റി ബോർഡിന്റേയും നിയന്ത്രണത്തിലുള്ള 20 ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 64 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒന്നാംഘട്ട മത്സ്യകൃഷി നടപ്പാക്കിയിട്ടുണ്ട്. മത്സ്യസമൃദ്ധി രണ്ടാംഘട്ടം തിരുവനന്തപുരം ജില്ലയിലെ 450 ഹെക്ടർ സ്വകാര്യ ടാങ്കുകളിലും കുളങ്ങളിലും നടത്തുന്നതിനുള്ള സാങ്കേതിക-സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ കുളങ്ങൾ മോഡൽ ഫാമുകളാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നുണ്ട്. മോഡൽ ഫിഷ് ഫാമിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതും ആനുകൂല്യങ്ങൾ പഞ്ചായത്തിനും മത്സ്യ ക്ലബ്ബിനുമായി നൽകുന്നതുമാണ്. തിരുവനന്തപുരത്തെ അനുയോജ്യമായ എല്ലാ പഞ്ചായത്ത് കുളങ്ങളും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 5 മത്സ്യക്ലബ്ബിന് കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്.

## (2) വേമ്പനാട് കായലിലെ ചെളിയും മണ്ണും നീക്കം ചെയ്യൽ

ശ്രീ. തോമസ് ചാണ്ടി: കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായലിൽ 4 പ്രധാനപ്പെട്ട നദികളാണ് ഒഴുകിയെത്തുന്നത്. 55 വർഷം മുമ്പ്

ആരംഭിച്ച തണ്ണീർമുക്കം ബണ്ടിന്റെ പണി തീരാത്തതിനാൽ മണ്ണ് ഉപയോഗിച്ച് ചിറ പിടിക്കുകയും അതിനെത്തുടർന്ന് ഒഴുക്ക് തടസ്സപ്പെട്ടുകയുമുണ്ടായി. അതുമൂലം നദികളിൽ നിന്നും ഒഴുകി വരുന്ന എക്കലും മണ്ണും അടിഞ്ഞുകൂടി കായലിന്റെ ആഴം കുറയുകയും തുറമുഖത്ത് കപ്പൽ അടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു. ഈ മണ്ണും ചെളിയുംവാരി ജീവിക്കുന്ന ജനങ്ങളെ പോലീസ് തടയുകയാണ്. അതുകൊണ്ട് തണ്ണീർമുക്കം ബണ്ടിന് ചുറ്റുമുള്ള മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ഉൾപ്പെടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കായലുകൾ, ചിറകൾ. തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളെ സംരക്ഷിച്ച് പരിസ്ഥിതി സന്തുലനം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മനുഷ്യന്റെ യുക്തിരഹിതമായ പ്രവർത്തനങ്ങൾമൂലം ജലസ്രോതസ്സുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലും കായൽ തടാകങ്ങളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ട്. ഇത് നിയന്ത്രിക്കുന്നതിനും അവയുടെ സംരക്ഷണത്തിനുമായി വിവിധ ഏജൻസികളും വകുപ്പുകളും പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവ്വേഷൻ ആക്ട് 2003 പ്രകാരം ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിരതയും

ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. സർക്കാരിന്റെയും നാട്ടുകാരുടെയും സഹായത്തോടെ തണ്ണീർമുക്കം ബണ്ടിന്റെ ഇരുകരകളേയും ബന്ധിപ്പിച്ച് ഒരു മൺചിറ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി മേൽപ്പടി ഭാഗത്ത് എക്കൽ അടിയുകയും നീരൊഴുക്ക് കുറയുകയും ചെയ്തതിനെത്തുടർന്ന് വെള്ളത്തിന്റെ ലെവൽ താഴാത്ത സാഹചര്യമുണ്ടായി. ഇത് പരിഹരിക്കുന്നതിനായി തണ്ണീർമുക്കം ബണ്ടിന്റെ നടുഭാഗത്തെ മണൽച്ചിറ മാറ്റി 28 ഷട്ടറുകളോടെ ബണ്ട് നിർമ്മിക്കുന്ന പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമ്പോൾ വെള്ളം ഒഴുകുന്നതിനുള്ള തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാകുന്നതും ഒഴുക്കിന്റെ ശക്തി വർദ്ധിക്കുന്നതുമാണ്. വേമ്പനാട് കായലിൽ വന്നുചേരുന്ന മണൽ അനധികൃതമായി വാരുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും നിയമലംഘനത്തിനും ഇടയാക്കുമെന്നതിനാലാണ് മണൽ വാരുന്നതിനുള്ള അനുമതി നിഷേധിച്ചത്. ഷട്ടറുകളുടെയും പൊഴികളുടെയും കവാടങ്ങളിൽ അടിഞ്ഞുകൂടാനിടയുള്ള മണ്ണും ചെളിയും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ നീക്കം ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കാര്യത്തിൽ തുടർനടപടികൾ ആവശ്യമില്ല. ആ പ്രദേശത്തുള്ള എം.എൽ.എ.-മാരെ പങ്കെടുപ്പിച്ചുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ

മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ജലസ്രോതസ്സ് സംരക്ഷിക്കുന്നതിനും നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) സി. ഐ. പ്രൊമോഷൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ: പി.എസ്.സി. അഡ്വൈസ് ചെയ്ത ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ സീനിയറായി ഉൾപ്പെടുത്തി സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് ശുപാർശ ചെയ്യപ്പെട്ട പട്ടികജാതിയിൽപ്പെട്ട പതിനാല് പോലീസ് ഓഫീസർമാർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർക്കിൾ ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സത്വര നടപടി സ്വീകരിച്ചുവരികയാണ്. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഔദ്യോഗിക വെബ്സൈറ്റിലും സർക്കാർ ഗസറ്റിലും പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ പരിഹരിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് പ്രൊമോഷൻ കമ്മിറ്റി

കൂടി സീനിയോറിറ്റി ലിസ്റ്റ് അംഗീകരിക്കുമ്പോൾ പതിനാല് പോലീസ് ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് യോഗ്യതയുള്ളപക്ഷം പ്രൊമോഷൻ നൽകാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികൾ വേഗതയിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (2) <u>വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ</u>

<u>ശ്രീ. ഹൈബി ഈഡൻ</u> : കൊച്ചിയിൽ വനിതാ സൗഹൃദ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. കൊച്ചി, തൃശ്ശൂർ, കോഴിക്കോട് റെയ്ഞ്ച് ഹെഡ് ക്വാർട്ടേഴ്സായി ഓരോ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചി സിറ്റിയിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതും പരിശീലനം സിദ്ധിച്ച വനിതാപോലീസുകാരെക്കൂടി അതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

## (3) തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി

ശ്രീ. പി. എ. മാധവൻ : തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി പ്രവർത്തനത്തിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ വികസനത്തിനായി വിഭാവനം ചെയ്തിരിക്കുന്ന സമഗ്ര കോൾ വികസന പദ്ധതി നബാർഡിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നല്ല നിലയിൽ പുരോഗമിച്ചുവരികയാണ്. ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ആദ്യഘട്ടമെന്ന നിലയിൽ നടപ്പിലാക്കിവരുന്ന 123.53 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ 73 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ആധുനിക പമ്പിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനവും കൊയ്ത്ത്-മെതി യന്ത്രങ്ങളടക്കം പാടശേഖര സമിതികളെ ഏൽപ്പിക്കാനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ അനുവദിച്ച 65 ലക്ഷം രൂപയിൽ 63 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുവഴി 819 പശുക്കിടാങ്ങളെയും 74,854 താറാവ് കുഞ്ഞുങ്ങളെയും വിതരണം ചെയ്തിട്ടുണ്ട്. മത്സ്യകൃഷിക്കായി 99 ലക്ഷം രൂപയും കോഴിവളർത്തൽ പദ്ധതിക്കായി 2 കോടി 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളെയും

ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി സ്പെഷ്യൽ ഓഫീസർ കൂടിയായ തൃശ്ശൂർ ജില്ലാ കളക്ടർ എല്ലാ മാസവും വിലയിരുത്തുന്നുണ്ട്. കൂടാതെ 23.7.2015-ന് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സമഗ്ര കോൾ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2015 ആഗസ്റ്റ് മാസം 15-ാം തീയതിക്കകം കോൾ വികസന സമിതിയുടെ സമ്പൂർണ്ണ യോഗം വിളിച്ചുകൂട്ടുന്നതാണ്.

(4) **കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം**

ഡോ. എൻ.ജയരാജ് : ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കാഞ്ഞിരപ്പള്ളി ടൗൺ ബൈപ്പാസ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ച് അലൈൻമെന്റിൽ മാറ്റം വരുത്താതെ മുന്നോട്ടുപോകുകയാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റൂൾസ് ഫ്രെയിം ചെയ്യാത്തതുകൊണ്ട് നെഗോഷ്യബിൾ പർച്ചേസ് നടത്താൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ക്യാബിനറ്റ് തീരുമാനപ്രകാരം

ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് കോട്ടയം ജില്ലാകളക്ടർക്ക് പ്രത്യേക നിർദ്ദേശം കൊടുക്കുന്നതാണ്.

## (5) തലശ്ശേരി ജനറൽ ആശുപത്രിയുടെ നവീകരണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തലശ്ശേരി ജനറൽ ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി, (ശ്രീ. വി.എസ്. ശിവകുമാർ): തലശ്ശേരി ജനറൽ ആശുപത്രിക്ക് അനുവദിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഡോക്ടർമാരുടെ പത്തും നേഴ്സുമാരുടെ രണ്ടും ഒഴിവുകളാണ് നിലവിലുള്ളത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ പ്രൊമോഷൻ വഴിയും ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ സർവ്വീസിലുള്ള ജീവനക്കാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ചുകൊണ്ടും നികത്തുന്നതിനും അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് ജനകീയ ധനസമാഹരണം വഴിയുള്ള ഭൂമി

ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) ആരോഗ്യ സർവ്വകലാശാലയിൽ ജീവനക്കാരെ നിയമിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ: ആരോഗ്യ സർവ്വകലാശാലയിൽ ആവശ്യമായ ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുന്നതിനും സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ആരോഗ്യസർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കായി 194 തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു സർവ്വകലാശാലകളിൽ നിന്നും കോളേജുകൾ ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് അഫിലിയേറ്റ് ചെയ്തപ്പോഴുണ്ടായ അധിക തസ്തികകൾ കണ്ടെത്തി ആരോഗ്യസർവ്വകലാശാലയിലേയ്ക്ക് മാറ്റുന്ന കാര്യം പരിശോധിക്കുകയാണ്. സർവ്വകലാശാലയുടെ ഭരണം സുതാര്യമായി നടത്തുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) മന്തുരോഗം

ശ്രീ. പി. തിലോത്തമൻ: ചേർത്തലയിലും പരിസരപ്രദേശങ്ങളിലും

വ്യാപകമായിക്കൊണ്ടിരിക്കുന്ന മന്തുരോഗം നിയന്ത്രണവിധേയമാക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിലുള്ള ഫീൽഡ് സ്റ്റേഷനുകളായ ചേർത്തല, കായംകുളം എന്നിവിടങ്ങളിലും ആലപ്പുഴയിലും മന്തുരോഗ നിർണ്ണയ സർവ്വേ നടത്തിവരുന്നു. കൂടാതെ ആലപ്പുഴയിലെയും ചേർത്തലയിലെയും വെക്ടർ കൺട്രോൾ യൂണിറ്റുകളിൽ നൈറ്റ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. 1997 മുതൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന മന്തുരോഗ സമൂഹ ചികിത്സാ പരിപാടിയുടെ ഭാഗമായി ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ച് വർഷംതോറും മന്തുരോഗ പ്രതിരോധ ഗുളിക വിതരണം ചെയ്തുവരുന്നു. ആലപ്പുഴ ജില്ലയിൽ ചേർത്തല ഉൾപ്പെടുന്ന എട്ട് സ്ഥലങ്ങളിൽ 2004 മുതൽ നടത്തിവരുന്ന സർവ്വേയിൽ ശരാശരി മന്തുരോഗാണു നിരക്ക് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ താഴെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ മന്തുരോഗ വ്യാപന സാദ്ധ്യത സംബന്ധിച്ച് ആശങ്കപ്പെടേണ്ടതില്ല.

## അറിയിപ്പ്

മി. സ്പീക്കർ: അംഗങ്ങളുടെയിടയിലുണ്ടായ പൊതുധാരണ പ്രകാരം ഇന്ന്

നിയമനിർമ്മാണകാര്യത്തിൽ ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലാണ് പരിഗണനയ്ക്കെടുക്കുന്നത്. 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഉച്ചയ്ക്കുശേഷം 1.30-ന് വോട്ടിനിടണമെന്ന ചട്ടം 153 (2) താത്കാലികമായി ഇളവ് ചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുത്തശേഷം മൂന്നാമതായി ധനവിനിയോഗ ബിൽ എടുക്കുന്നതാണ്. ശേഷിക്കുന്ന സബ്മിഷനുകൾക്കുള്ള മറുപടി രേഖാമൂലം ഇന്നുതന്നെ നൽകുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

(1) **നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം**

ശ്രീ. സി. ദിവാകരൻ: 27-07-15 ന് നിയമസഭയിൽ പാസ്സാക്കിയ 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (ബിൽ നം. 346) നിയമാനുസൃതമല്ല. ഭരണഘടനയുടെ 198-ാം വകുപ്പ് പ്രകാരം മണി ബില്ലായിട്ടാണ് 2008-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ ആക്ടിൽ മാറ്റം വരുത്തിക്കൊണ്ട് 2015-ലെ

കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കിയിരിക്കുന്നത്. പ്രസ്തുത ബിൽ റൂൾ ഓഫ് ബിസിനസ്സ് പ്രകാരം റവന്യൂ വകുപ്പാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. മൂലനിയമം ഭൂമി സംബന്ധമായ വിഷയമായതിനാൽ റവന്യൂ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. ബന്ധപ്പെട്ട ബില്ലിലെ ഭേദഗതികളും റവന്യൂ വകുപ്പുമന്ത്രിയാണ് അവതരിപ്പിക്കേണ്ടത്. ധനകാര്യ വകുപ്പുമന്ത്രി 2-ാം നമ്പർ മണി ബില്ലായിട്ടാണ് ഭൂമി സംബന്ധമായ ഭേദഗതികൾ സഭയിൽ അവതരിപ്പിച്ചത്. ഭരണഘടനയുടെ ആർട്ടിക്കിൾ 199-ന്റെ പരിധിയിൽ ഈ ബില്ലിലെ വിഷയം വരുന്നില്ല. ഇത് നടപടിക്രമങ്ങളുടെ വീഴ്ചയാണ്. ഭരണഘടനാ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ 27-07-15-ൽ 2-ാം നമ്പർ ധനകാര്യ ബിൽ എന്നപേരിൽ പാസ്സാക്കിയ ഭൂമി സംബന്ധമായ ബില്ലിന്റെ അവതരണം ക്രമത്തിലല്ലാത്തതിനാൽ പുന:പരിശോധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ അവതരിപ്പിച്ച ക്രമപ്രശ്നം അനവസരത്തിലുള്ളതാണ്. ബിൽ സഭയിൽ അവതരിപ്പിക്കുമ്പോഴാണ് മണി ബില്ലാണോ അല്ലയോ എന്ന് ഉന്നയിക്കാൻ അംഗങ്ങൾക്ക് അവകാശമുള്ളത്. 22-03-15-ന് സഭയിൽ അവതരിപ്പിക്കുകയും 23-07-15-ന് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത ബിൽ 27-07-15-ന് ദീർഘമായ ചർച്ചയ്ക്കുശേഷമാണ് പാസ്സാക്കിയത്. ഈ

അവസരത്തിലൊന്നും ഇത്തരത്തിലൊരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നില്ല. സഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ അനുമതിയോടെ ആക്ടായി പ്രസിദ്ധീകരിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഈ വിഷയം ഇപ്പോൾ പുന:പരിശോധിക്കേണ്ടതില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(മന്ത്രിയുടെ മറുപടി തെറ്റാണെന്നും പ്രസ്തുത നിയമം പാസ്സാക്കിയത് ഭരണഘടനാ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. സി. ദിവാകരൻ സഭവിട്ട് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം തിരിച്ചുവരുകയും ചെയ്തു.)

**റൂളിംഗ്**

മി. സ്പീക്കർ: നിയമസഭാ ചട്ടം 153 (എ) പ്രകാരം ഗവൺമെന്റിന് ധനപരമായ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള ബില്ലാണ് ധനകാര്യ ബിൽ. 2015 മാർച്ച് 13-ന് അവതരിപ്പിച്ച ബഡ്ജറ്റിലെ ധനപരമായ നിർദ്ദേശം നടപ്പാക്കുന്നതിനാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിൽ ഭേദഗതി വരുത്തുന്നതിനായി 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ കൊണ്ടുവന്നത്. ഈ ബിൽ പതിമൂന്നാം സമ്മേളനകാലത്ത് സഭയിൽ അവതരിപ്പിക്കുകയും 22-07-15-ന് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നതാണ്. ബിൽ സംബന്ധിച്ച് എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ ഉന്നയിക്കേണ്ടിയിരുന്നത് ജൂലൈ 22-ാം തീയതിയായിരുന്നു. ബിൽ പാസ്സാകുകയും ഗവർണ്ണറുടെ അനുമതി

ലഭിക്കുകയും ചെയ്ത സാഹചര്യത്തിലും മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ഇതുസംബന്ധിച്ച് ഇപ്പോൾ തടസ്സവാദം ഉന്നയിക്കാൻ കഴിയുകയില്ല.

## ക്രമപ്രശ്നം

### (2) ബിൽ പിൻവലിക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം

ശ്രീ. സി. മമ്മൂട്ടി: പ്ലാച്ചിമടയിൽ കൊക്കോക്കോള കമ്പനി നടത്തിയ ജലചൂഷണത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രൈബ്യൂണൽ സ്ഥാപിക്കാനായി 24-02-2011-ൽ കേരള നിയമസഭ ബിൽ പാസ്സാക്കി. രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരുന്നെങ്കിലും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്ന് ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ഗവർണ്ണർക്ക് കത്തയച്ചിരിക്കുകയാണ്. പ്ലാച്ചിമടയിൽ സ്ഥാപിച്ച കൊക്കോക്കോള കമ്പനിയുടെ ഭാഗമായുള്ള ദുരന്തഫലങ്ങൾ മനസ്സിലാക്കി സുപ്രീംകോടതി നിർദ്ദേശിച്ചപ്രകാരം 2004-ൽ കമ്പനി അടച്ചുപൂട്ടുകയും ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധനപ്രകാരം 216 കോടി 26 ലക്ഷം രൂപ നഷ്ട പരിഹാരം ഈടാക്കുന്നതിനുവേണ്ടി ട്രൈബ്യൂണൽ സ്ഥാപിക്കുകയും ചെയ്തതാണ്. നിയമസഭ പാസ്സാക്കിയ ബിൽ പിൻവലിക്കണമെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ

നിർദ്ദേശം സർക്കാർ ഗൗരവമായി കാണണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പ്ലാച്ചിമട കൊക്കോക്കോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ 2011 -ൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും കേരള ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി അയയ്ക്കുകയും ചെയ്തു. ഭരണഘടനയുടെ 201-ാം അനുച്ഛേദ പ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി അയച്ച ബില്ലിന്മേൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സോളിസിറ്റർ ജനറലിന്റെ അഭിപ്രായം ആരായുകയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ബിൽ പിൻവലിക്കുവാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാന നിയമസഭയ്ക്ക് പ്രസ്തുത ബിൽ പാസ്സാക്കുവാനും ബില്ലിൽ വ്യവസ്ഥചെയ്തപ്രകാരം പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അധികാരമുണ്ടെന്നും ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ താൽപര്യമാണ് പരമപ്രധാനമെന്നും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിക്കുകയും കേന്ദ്ര സർക്കാരിലേക്ക് മറുപടി അയയ്ക്കാനുമിരിക്കെയാണ് സംസ്ഥാന നിയമസഭ പാസ്സാക്കി അയച്ച ബില്ലിന്റെ പകർപ്പുകൾ തിരിച്ചയച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളും ഭരണഘടനാ വ്യവസ്ഥകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ജലവിഭവ

വകുപ്പിലേക്ക് അയക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. ഭാരതത്തിന്റെ ഭരണഘടനയനുസരിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബില്ലിന്മേൽ തീരുമാനം എടുക്കാൻ രാഷ്ട്രപതിക്ക് മാത്രമാണ് അധികാരമുള്ളത്. ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ വ്യവസ്ഥ അനുസരിച്ച് ഗവർണ്ണർ ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കി വയ്ക്കുകയാണെങ്കിൽ ആ ബിൽ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ സഭയിലേയ്ക്ക് ഭരണഘടനയുടെ 200-ാം അനുച്ഛേദത്തിന്റെ 1-ാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി തിരിച്ചയക്കുവാൻ രാഷ്ട്രപതിക്ക് ഗവർണ്ണറോട് നിർദ്ദേശിക്കാവുന്നതും അപ്രകാരം ബിൽ തിരിച്ചയയ്ക്കുമ്പോൾ സന്ദേശം കിട്ടിയ തീയതി മുതൽ ആറ് മാസക്കാലത്തിനുള്ളിൽ നിയമസഭ ആ ബിൽ വീണ്ടും പരിഗണിക്കേണ്ടതുമാണ്. ഭരണഘടനാപരമായ അത്തരത്തിലുള്ള സന്ദേശത്തിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന് നിയമസഭ പാസ്സാക്കിയ പ്രസ്തുത ബിൽ പുന:പരിഗണിക്കുന്നതിനോ പിൻവലിക്കുന്നതിനോ സാധ്യമല്ലെന്ന വിവരം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ സർക്കാർ നൽകിയ സ്പഷ്ടീകരണങ്ങളുടെയും വിശദീകരണങ്ങളുടെയും വെളിച്ചത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് അവരുടെ നിലപാട് പുന:പരിശോധിക്കുന്നതിനായി തിരിച്ചയക്കുന്നതാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ:</u> പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബിൽ പിൻവലിക്കുവാൻ സഭയോട് ആവശ്യപ്പെടേണ്ടിയിരുന്നത് ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ്. 1999-കേരള ലാന്റ്സ് ആന്റ് ലീസസ് മോഡിഫിക്കേഷൻ റൈറ്റ്സ് ഓഫ് ബിൽ പിൻവലിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട അവസരത്തിൽ നിയമവശം അറിയിച്ചപ്പോൾ ബിൽ പിൻവലിക്കണമെന്ന രാഷ്ട്രപതിയുടെ നിർദ്ദേശം ഗവർണ്ണറുടെ ഒരു സന്ദേശമായി സഭയെ അറിയിക്കുകയും അതിന്റെ വെളിച്ചത്തിൽ ബിൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ആഭ്യന്തര വകുപ്പ് കൈക്കൊണ്ട് നടപടി നിയമാനുസൃതമല്ലെന്ന് നിയമവകുപ്പ് അറിയിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

### (3) <u>ബിൽ ഭരണഘടനാ വിരുദ്ധമാണെന്നത് സംബന്ധിച്ച്</u>

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> ഇന്ന് അവതരിപ്പിക്കുന്ന 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഓർഡിനൻസായി വരികയും അതിന്റെയടിസ്ഥാനത്തിൽ ബോർഡ് രൂപീകരിച്ചിട്ടുള്ളതുമാണ്. ഓർഡിനൻസ് പ്രകാരം അഞ്ച് അംഗങ്ങളുള്ള ബോർഡിൽ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതുമായിരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ പട്ടികജാതി

/പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കേണ്ട അവസരം നിഷേധിച്ചുകൊണ്ട് പട്ടികജാതിക്കാരിയായ വനിതയെ അംഗമാക്കി വനിതാ സംവരണത്തെ അട്ടിമറിച്ചുകൊണ്ടാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. അങ്ങനെ ഒരു ബോർഡ് രൂപീകരിക്കാൻ ഓർഡിനൻസ് പ്രകാരം ഗവൺമെന്റിന് അധികാരമില്ല. ഇക്കാര്യം നിയമപരമായി നടപ്പാക്കണമെന്നുള്ള നിർദ്ദേശം സർക്കാരിന് നൽകേണ്ടത് നിയമവകുപ്പാണ്. നിയമവിരുദ്ധമായ ഇക്കാര്യത്തെ സാധൂകരിക്കാൻവേണ്ടി വേറൊരു അമെന്റ്മെന്റ് കൊണ്ടുവരികയും അതും സാധ്യമാകാതെ വന്നപ്പോൾ പുതിയ നിയമത്തിൽ അഞ്ചംഗം എന്നുള്ളത് ആറാക്കി മാറ്റിയിരിക്കുകയുമാണ്. റിക്രൂട്ട്മെന്റ് ബോർഡ് ക്രമവിരുദ്ധമാണ്. ഇക്കാര്യം പരിശോധിച്ച് റൂളിംഗ് നൽകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി.എസ്. ശിവകുമാർ):</u> പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിനും വനിതക്കും പ്രാതിനിധ്യം നൽകിക്കൊണ്ടാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ബോർഡിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അത് ബോർഡിന്റെ പ്രവൃത്തികളും നടപടികളും അസാധുവാക്കുന്നതല്ലെന്ന് വ്യക്തമായി ബില്ലിന്റെ ഏഴാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ നിയമനത്തിൽ ഭരണഘടനാവ്യവസ്ഥകളുടെ ലംഘനമുണ്ടെന്ന് പറയുന്നത് ശരിയല്ല.

സബ്ജക്ട് കമ്മിറ്റിയിൽ ഉയർന്നുവന്ന അഭിപ്രായത്തിന്റെ വെളിച്ചത്തിലാണ് പട്ടികജാതി/പട്ടികവർഗ്ഗ/ഗോത്ര വർഗ്ഗത്തിൽപെട്ട ഒരാളെക്കൂടി ഉൾപ്പെടുത്തി അംഗങ്ങളുടെ എണ്ണം ആറാക്കാൻ നിർദ്ദേശിച്ചത്. എല്ലാ വ്യവസ്ഥകൾക്കും 01-03-2014 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: പ്രസ്തുത ഓർഡിനൻസിലെ ഏഴാം വകുപ്പനുസരിച്ച് ബോർഡ് രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ മെമ്പർമാരുടെ ഒഴിവോ ഉണ്ടെന്ന കാരണത്താൽ മാത്രം അതിന്റെ പ്രവൃത്തിയും നടപടിയും അസാധുവാകുന്നില്ല. മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം ചെയർ നിരാകരിക്കുന്നു.

### (4) <u>ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല</u>

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: പൊന്നാനിയിൽ തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ചട്ടം 300 പ്രകാരം മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി 29-7-2015-ൽ നടത്തിയ പ്രസ്താവനയിൽ വസ്തുതാപരമായ ചില പിശകുകൾ വന്നിട്ടുള്ളതിനാൽ പ്രസ്താവന ക്രമപ്രകാരമല്ല. പദ്ധതിയുടെ ആസൂത്രണവും ടെണ്ടറിലൂടെ ബന്ധപ്പെട്ട കമ്പനിയെ തെരഞ്ഞെടുത്തതും ഡി.പി.ആർ. തയ്യാറാക്കിയതും ഉത്തരവ് നൽകിയതും മുൻ സർക്കാരിന്റെ കാലത്താണ്.

കൺസ്ട്രക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവച്ചതിനെക്കുറിച്ച് മാത്രമാണ് പ്രസ്താവനയിൽ ഉള്ളത്. സഭയിൽ ഒരു പ്രസ്താവന നടത്തുമ്പോൾ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സഭയേയും ജനങ്ങളെയും അറിയിക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട് അത് നിർവ്വഹിക്കാത്തതിനാൽ ഈ പ്രസ്താവന ക്രമപ്രകാരമല്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തുന്ന പതിവില്ല. ഇക്കാര്യത്തിൽ ദുരുദ്ദേശമൊന്നും ഇല്ലെന്ന് വ്യക്തമാക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിരാകരിക്കുന്നു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ജൈവകൃഷി വ്യാപനം

കേരളത്തെ സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനമാക്കുന്നത് സംബന്ധിച്ച് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## റൂളിംഗ്

### ഉത്തരം തിരുത്തിക്കൊണ്ട് പ്രസ്താവന നടത്താൻ അവകാശമുണ്ടെന്നതു സംബന്ധിച്ച്

മി. സ്പീക്കർ: 1-7-2015-ലെ നക്ഷത്രചിഹ്നമിട്ട 115-ാം നമ്പർ ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ ഉത്തരം വസ്തുതാപരമല്ലെന്നും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നത്തിന് നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി.എസ്. സുനിൽ കുമാർ നൽകിയ നോട്ടീസ് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുകയും അദ്ദേഹം പ്രസ്തുത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വസ്തുതാപരമായ പിശക് സംഭവിച്ചിട്ടുള്ളതിനാൽ തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഇന്ന് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. സഭയിൽ നൽകുന്ന ഉത്തരത്തിൽ പിശകുണ്ടായാൽ അത് തിരുത്തുന്നതിന് മന്ത്രിമാർക്ക് ചട്ടപ്രകാരം അവകാശമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്തുവച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ മേൽനടപടി ആവശ്യമില്ല.

## നിയമനിർമ്മാണകാര്യം

### 1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപനനിയമം, 1951-ലെ മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റ് നിയമം, 1978-ലെ ഗുരുവായൂർ ദേവസ്വനിയമം, 2005-ലെ കൂടൽമാണിക്യം ദേവസ്വം നിയമം എന്നിവ അനുസരിച്ചായിരുന്നു തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തിവന്നിരുന്നത്. മുൻസർക്കാരിന്റെ കാലത്ത് തിരുവിതാംകൂർ-കൊച്ചി ആക്ടിലും മദ്രാസ് ഹിന്ദുമതധർമ്മ എൻഡോവ്മെന്റ് ആക്ടിലും വരുത്തിയ ഭേദഗതികളനുസരിച്ച് ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിന് തീരുമാനമെടുക്കുകയുണ്ടായി. 2007-ൽ ഹൈക്കോടതി നിയമിച്ച ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കുവേണ്ടി പൊതുവായ ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തെങ്കിലും അതിനുള്ള തുടർനടപടികളുണ്ടായില്ല. ഹൈന്ദവസ്ഥാപനമായ ദേവസ്വംബോർഡുകളുടെ നിയമനം മതേതരസ്ഥാപനമായ പി.എസ്.സി-ക്ക് വിട്ടതിലെ അനൗചിത്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഭേദഗതി റദ്ദ് ചെയ്യുകയും കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയുമുണ്ടായി. പരമ്പരാഗത കാരായ്മ തസ്തികകളും ബോർഡിന്റെ എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വയം ഭരണാവകാശത്തോടുകൂടിയ ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനായി 2015 -ലെ ഓർഡിനൻസിനുപകരം ആക്ട് കൊണ്ടുവരുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. ഈ വിഭാഗങ്ങൾ ഇന്നും അവഗണിക്കപ്പെട്ടവരായിത്തന്നെ തുടരുകയാണ്.

ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനായി പിന്നോക്കവിഭാഗത്തിലെ ഹിന്ദുക്കൾ നടത്തിയ പോരാട്ടം ചരിത്രത്തിലിടം നേടിയിട്ടുള്ളതാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ജോലിചെയ്യുന്നവർക്ക് മാസങ്ങളായി ശമ്പളം ലഭിക്കാത്ത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് ക്ഷേത്രഭരണത്തിൽ പങ്കാളികളാകാനുള്ള അവസരമുണ്ടാകണം. ക്ഷേത്രങ്ങളിലെ സമ്പത്ത് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് മാത്രമായി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കണം. നമ്മുടെ രാജ്യത്തെ സാമുദായിക ഊഷ്മളത നഷ്ടപ്പെടാനിടവരരുത്. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ആഭ്യന്തര കലാപങ്ങൾ വളരെ വിരളമായി മാത്രമേ നടക്കാറുള്ളൂ. ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കപ്പെടുന്നതിൽ സുപ്രധാന പങ്ക് വഹിച്ചത് മഹാത്മാഗാന്ധിയാണ്. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള ഭിന്നാഭിപ്രായങ്ങൾ പരിഗണിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. ബാബു എം. പാലിശ്ശേരി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദേവസ്വം ബോർഡിലേയ്ക്കുള്ള നിയമനത്തിൽ വ്യാപകമായ അഴിമതി നടക്കുന്നുവെന്ന പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടതിനെത്തുടർന്ന് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ

അധികാരപ്പെടുത്തുകയും ചട്ടങ്ങൾ തയ്യാറാക്കുകയും ചെയ്തുവെങ്കിലും തുടർന്ന് അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാർ നിക്ഷിപ്ത താല്പര്യ സംരക്ഷണാർത്ഥം ആ നടപടി റദ്ദാക്കുകയും പകരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ബില്ലിന്റെ പരിധിയിൽനിന്ന് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ദേവസ്വം ബോർഡുകളിലെ ശാന്തി, കഴകം, തളി, പഞ്ചവാദ്യം, തകിൽ, നാദസ്വരം, ആനശേവുഖം, പുറംതളിപ്പ്, പാത്രംതേപ്പ് തുടങ്ങിയ പരമ്പരാഗത തസ്തികകളും ഒഴിവാക്കിയിരിക്കുകയാണ്. ഈ ബിൽ പ്രകാരം നിയമനം നടത്തേണ്ട എസ്റ്റാബ്ലിഷ്മെന്റ് തസ്തികകളിലേയ്ക്കും പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക ജാതി സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിൽ തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ ജീവനക്കാരിൽ നാമമാത്രമായ ആളുകളാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളത്. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവയുടെ സ്ഥിതി ഇതിലും ദയനീയമാണ്. ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പരമ്പരാഗത തസ്തികകളിലേയ്ക്കുൾപ്പെടെ എല്ലാ നിയമനങ്ങളിലും സംവരണം ഏർപ്പെടുത്തിയിട്ടില്ല. രാഷ്ട്രത്തിന്റെ ഭരണഘടനയെ അവഹേളിക്കുന്ന ഈ ബിൽ നിയമവിരുദ്ധമാണ്. ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥ നിയമനങ്ങൾ പലപ്പോഴും വിവാദമാകാറുണ്ട്.

ഗുരുവായൂർ പോലുള്ള പ്രമുഖ ക്ഷേത്രങ്ങളിൽ ഇപ്പോഴും സവർണ്ണ മേധാവിത്വം നിലനിൽക്കുകയാണ്. നിലവിലുള്ള ഓർഡിനൻസ് പ്രകാരം റിക്രൂട്ട്മെന്റ് ബോർഡിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടതും, ഒരാൾ വനിതയും ആയിരിക്കണമെന്നിരിക്കേ, പട്ടികജാതിയിൽപ്പെട്ട ഒരു സ്ത്രീയെ അംഗമാക്കിക്കൊണ്ട് രണ്ട് അംഗങ്ങളെ ലഭിക്കുവാനുള്ള അവസരം ബോധപൂർവ്വം ഒഴിവാക്കിയിരിക്കുകയാണ്. ക്ഷേത്രവരുമാനം മുഴുവൻ സർക്കാർ തട്ടിയെടുക്കുകയാണെന്ന ആരോപണം ഇല്ലാതാക്കുന്നതിനും പൂജാരിമാരുടെ ഗ്രേഡ് ഉയർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. നാളിതുവരെ അമ്പലങ്ങളുടെ പുരോഗതിക്കും പ്രവർത്തനങ്ങൾക്കുമായി ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തണം. ക്ഷേത്ര ഉപദേശക സമിതിയിലെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും തെരഞ്ഞെടുപ്പിൽ ദേവസ്വം ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അമ്പലത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വർഗ്ഗീയ-ജാതി ശക്തികളുടെ ഇടപെടൽ ഇല്ലാതാക്കുകയും വേണം. ക്ഷേത്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജനങ്ങളിലുള്ള അവിശ്വാസം ഇല്ലാതാക്കുന്നതിനും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വരുമാനം

സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിനും ക്ഷേത്ര വരുമാനം ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കണം. പമ്പയാറിലെ ക്വാളിഫോം ബാക്ടീരിയയുടെ അളവ് പരിശോധിക്കുന്നതിനും ജലമലിനീകരണം തടയുന്നതിനും പമ്പാ ആക്ഷൻ പ്ലാൻ കാര്യക്ഷമമാക്കുന്നതിനും തയ്യാറാകണം. ദേവസ്വം ബോർഡിൽ ചെയർപേഴ്സനെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും അംഗത്വത്തിന്റെ യോഗ്യത നിശ്ചയിക്കുന്ന കാര്യത്തിലും ബില്ലിന്റെ ആമുഖത്തിലും വ്യക്തത വരുത്തണം. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംവരണം സംബന്ധിച്ച് ബില്ലിൽ വ്യക്തമാക്കണം. ബില്ലിന്റെ വ്യക്തതയില്ലായ്മയിൽ ആവശ്യമായ തിരുത്തലുകൾ വരുത്താനും ഭിന്നാഭിപ്രായങ്ങൾ പരിഗണിക്കാനും തയ്യാറാകണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിന്റെ ആമുഖംതന്നെ ഉദ്ദേശ്യ ശുദ്ധിയെ സംശയിക്കുന്ന തരത്തിലുള്ളതാണ്. ഏകീകൃത ദേവസ്വം ബോർഡുണ്ടാക്കിയതിനു ശേഷമായിരുന്നു ഏകീകൃത റിക്രൂട്ട്മെന്റ് ബോർഡിനുവേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടിയിരുന്നത്. മലബാറിലെ ദേവസ്വം ബോർഡും അവിടത്തെ ക്ഷേത്രങ്ങളുടെ നടത്തിപ്പും ഇന്നത്തെ ഭരണപരമായിട്ടുള്ള സ്ഥിതിയും നോക്കിയാൽ ഈ ബിൽ നിയമമായിക്കഴിഞ്ഞാലും പ്രാവർത്തികമാക്കാൻ സാധിക്കില്ല. മലബാറിലെ ക്ഷേത്രങ്ങളിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും നിയമനാധികാരം

ട്രസ്റ്റിമാർക്കാണ്. ബില്ലിന്റെ ആമുഖത്തിൽ ദേവസ്വം ബോർഡ് നിയമനങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തണം. ആശയക്കുഴപ്പവും അരാജകത്വവും സൃഷ്ടിച്ച് ആർ.എസ്.എസ്.-കാർക്കും സവർണ്ണ സമുദായ പ്രമാണിമാർക്കും അഴിമതി നടത്താനുള്ള അരങ്ങൊരുക്കി വലിയ സാമൂഹ്യപ്രത്യാഘാതമുണ്ടാക്കുകയാണ് ഈ നിയമത്തിലൂടെ സർക്കാർ ചെയ്യുന്നത്. സവർണ്ണ സമുദായ സംഘടനകളുടെ സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഈ നിയമം ക്ഷേത്രപ്രവേശന പ്രക്ഷോഭങ്ങളുടെയും കേരളത്തിന്റെ നവോത്ഥാന പോരാട്ടങ്ങളുടെയും പാരമ്പര്യത്തെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ളതാണ്. വർഗ്ഗീയ സാമുദായിക സംഘടനകളുടെ താൽപ്പര്യങ്ങൾക്ക് വിധേയമായിട്ടാണ് ദേവസ്വം ബോർഡ് നിയമനങ്ങൾ അട്ടിമറിക്കപ്പെട്ടത്. എല്ലാ കാലത്തും അവസരവാദപരമായ നിലപാടുകളാണ് കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. വർഗ്ഗീയതയ്ക്കെതിരായി ജവഹർലാൽ നെഹ്റു ശക്തമായ നിലപാട് സ്വീകരിച്ചിരുന്നുവെങ്കിലും മുൻ പ്രധാനമന്ത്രി നരസിംഹറാവു ബാബറി മസ്ജിദ് പൊളിക്കുന്നതിന് കൂട്ടുനിൽക്കുകയാണ് ചെയ്തത്. ആർ.എസ്.എസ്. അവരുടെ രാഷ്ട്രീയ പ്രചരണത്തിനുള്ള ആയുധമായി സർദാർ വല്ലഭായി പട്ടേലിനെ ഉപയോഗിക്കുമ്പോൾ അതിനെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുന്നതിന് കോൺഗ്രസ്സിന് സാധിക്കുന്നില്ല. രാഷ്ട്രപിതാവിനെ വധിച്ച ഗോഡ്സെയുടെ പ്രതിമ ഇന്ത്യയിൽ ഒരു സ്ഥലത്തും സ്ഥാപിക്കരുതെന്ന് നിയമസഭ

ഒരു പ്രമേയത്തിലൂടെ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

അവസരവാദ നിലപാട് ഉപേക്ഷിച്ച് മതനിരപേക്ഷ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ കോൺഗ്രസ് തയ്യാറാകണം.

ശ്രീ. വി. എസ്. സുനിൽ കുമാർ : ബില്ലിനെ എതിർക്കുന്നു. ചരിത്രപ്രധാനമായ നിയമങ്ങൾ പാസ്സാക്കിയിട്ടുള്ള കേരളനിയമസഭയുടെ അന്തസ്സിന് കളങ്കമേൽപ്പിക്കുന്ന ബില്ലാണിത്. ഭരണപരമായ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാസ്സാക്കിയ ബില്ലിനെ സംബന്ധിച്ച കാര്യങ്ങൾ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയാതിരുന്നത് കാപട്യമാണ്. ഈ ബിൽ ചട്ടവിരുദ്ധവും ഭരണാഘടനാ വിരുദ്ധവുമാണ്. ജാതി സംഘടനകൾക്ക് ഇഷ്ടംപോലെ നിയമനം നടത്തുന്നതിനും അഴിമതി നടത്തുന്നതിനും ദേവസ്വം ബോർഡിനെ ഉപയോഗപ്പെടുത്തുന്നതിനുള്ള നീക്കമാണ് നടക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ വളരെ കുറവാണ്. ദേവസ്വം ബോർഡ് രൂപീകരണത്തിൽ തന്നെ സംവരണം അട്ടിമറിക്കുകയാണ് സർക്കാർ ചെയ്യുന്നത്. നിയമനങ്ങളിൽ സംവരണം ബാധകമല്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിൽപ്പെട്ടവർ ക്ഷേത്ര ജീവനക്കാരാകുന്നത് കുഴപ്പമാണെന്നുമുള്ള സമീപനം ശരിയല്ല. ക്ഷേത്രങ്ങളിലെ

നിയമനങ്ങളിൽ ജാതിവിവേചനം പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ ലംഘനമാണ് ഇവിടെ നടക്കുന്നത്. ക്ഷേത്രഭരണത്തിൽ പിന്നോക്കക്കാർ പാടില്ലെന്ന തീരുമാനം ആശാസ്യമല്ല. ജാതി-മത സംഘടനകളുമായുള്ള അവിഹിത ബന്ധത്തിലൂടെ ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ചാതുർവർണ്യം പുന:സ്ഥാപിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ആർ.എസ്.എസ്-നും ബി.ജെ.പി.ക്കും വർഗ്ഗീയവാദികൾക്കും ഗുണകരമായ ബില്ലുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ജാതിസംഘടനകൾക്ക് എന്തും ചെയ്യാനുള്ള അധികാരമാണ് ഈ ബില്ലിലൂടെ നൽകുന്നത്. നിയമസഭയുടെ പാരമ്പര്യത്തിന് വിരുദ്ധമായാണ് ഈ ബിൽ കൊണ്ടുവരുന്നത്. മദ്യലോബികളെ ഈ ബില്ലിൽ ഉൾപ്പെടുത്താൻ പാടില്ല. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് നടത്തുമ്പോൾ എല്ലാ വിഭാഗം ഹൈന്ദവർക്കും അതിൽ പങ്കാളിത്തം ഉണ്ടാകണം. ഈ ബിൽ പാസ്സായാൽ നിയമസഭാ ചരിത്രത്തിൽ ഏറ്റവും അപമാനകരമാകുമെന്നുള്ളതിനാൽ ബിൽ പിൻവലിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പൊതുജനാഭിപ്രാം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചരിത്രത്തിൽ ഇടംതേടുന്ന ഒരു നിയമനിർമ്മാണമാണ് ഈ ബിൽ. തിരുവിതാംകൂർ

ദേവസ്വം ബോർഡിൽ ആകെയുള്ള ജീവനക്കാരിൽ 1.5 ശതമാനം പേർ മാത്രമാണ് പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. 32 ശതമാനം സംവരണം കൊടുത്ത് നിയമനം നടത്തുമ്പോൾ അതിനെ പിൻതുണയ്ക്കേണ്ടതിന് പകരം ബില്ലിലില്ലാത്ത കാര്യങ്ങളും നിലനിൽക്കാത്ത വാദങ്ങളും പറഞ്ഞ് പ്രതിപക്ഷം എതിർക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിൽ കെ.ഇ.ആർ. ന്റെ അടിസ്ഥാനത്തിലും കോളേജുകളിൽ യൂണിവേഴ്സിറ്റി ആക്ടിന്റെ അടിസ്ഥാനത്തിലുമാണ് നിയമനവും അനുബന്ധ കാര്യങ്ങളും തീരുമാനിക്കേണ്ടത്. കേരള ഹൈക്കോടതി ഡയറക്ഷനെ അതേ രീതിയിൽ അംഗീകരിച്ചുകൊണ്ട് സർവ്വീസിൽ നല്ല ഇന്റഗ്രിറ്റി പ്രദർശിപ്പിച്ചിട്ടുള്ള ആളുകളെയാണ് ഇവിടെ നിയമിച്ചിട്ടുള്ളത്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ നിർദ്ദേശത്തെ അംഗീകരിച്ചുകൊണ്ട് ഈ ഓർഡിനൻസ് ബിൽ അവതരിപ്പിച്ച വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്ത വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ബില്ലിനെ സംബന്ധിച്ച് പ്രതിപക്ഷം വാസ്തവവിരുദ്ധമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് ദേവസ്വം ബോർഡുകളിലേയ്ക്ക് നിഷേധിക്കപ്പെട്ട നീതി ഈ നിയമത്തിലൂടെ കൈവരുന്നതാണ്. ഈ ബിൽ കേരള നിയമസഭയുടെ ഔന്നത്യമായി മാറാൻ പോകുന്ന

നിയമനിർമ്മാണമായിരിക്കും.

ശ്രീ. ബി. സത്യൻ : 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.-യെ ചുമതലപ്പെടുത്തിയതിനെ അട്ടിമറിച്ചുകൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കാനുള്ള ശ്രമമാണ് ഈ സർക്കാർ നടത്തിയിരിക്കുന്നത്. സാമൂഹ്യനീതി നിഷേധിച്ച് നിയമത്തെയും കോടതി വ്യവസ്ഥകളെയും ലംഘിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഹിന്ദു സ്ഥാപനങ്ങളായതിനാൽ മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് പരിഗണന നൽകുന്നില്ല. നിയമനം സംബന്ധിച്ച റൊട്ടേഷൻ വ്യവസ്ഥയിൽ ആവശ്യമായ മാറ്റം വരുത്തണം. ബില്ലിന്റെ പരിധിയിൽനിന്ന് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും ഒഴിവാക്കിയിരിക്കുന്നത് ഗൗരവമായ വിഷയമാണ്. ദേവസ്വം ബോർഡിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏത് വ്യവസ്ഥയനുസരിച്ചാണ് അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കണം. അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ്

നടത്തുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള അപാകതകൾ സംബന്ധിച്ച് ഗൗരവപൂർവ്വം ചിന്തിക്കണം. ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകൾ കൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാനും സംവരണം ഉറപ്പുവരുത്താനും നടപടിയുണ്ടാകണം. സാമൂഹ്യനീതി നിഷേധിക്കുന്ന നിയമനിർമ്മാണമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. വി. ഡി. സതീശൻ: ഭേദഗതിയെ പിന്താങ്ങുന്നു. കേരളപ്പിറവിക്കുശേഷം ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഏറ്റവും വിപ്ലവകരമായ നിയമനിർമ്മാണത്തിനാണ് കേരള നിയമസഭ വേദിയാകുന്നത്. സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെട്ട ജനസമൂഹങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവരാൻ നടത്തിയ ശ്രമങ്ങളിലൊന്നായിരുന്ന വൈക്കം, ഗുരുവായൂർ സത്യാഗ്രഹങ്ങളെത്തുടർന്ന് ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിക്കുകയും പട്ടികജാതി-പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക ജനവിഭാഗങ്ങൾക്ക് കേരളത്തിലെ ക്ഷേത്രങ്ങളിലേയ്ക്ക് പ്രവേശനം ലഭിക്കുകയും ചെയ്തു. ക്ഷേത്രങ്ങളിലേയ്ക്കും ദേവസ്വം ബോർഡുകളിലേയ്ക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ആദ്യമായി സംവരണം ഏർപ്പെടുത്തുന്ന ചരിത്രപ്രധാനമായ ബില്ലാണിത്. പരമ്പരാഗത തസ്തികകളും

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും മാത്രമാണ് ഒഴിവാക്കിയിരിക്കുന്നത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനംകൂടി ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. സവർണ്ണ ഹിന്ദുക്കൾക്കുവേണ്ടി കൊണ്ടുവന്നിരിക്കുന്ന നിയമമെന്ന ആക്ഷേപം ഉന്നയിക്കുന്നവർ ഈ ബില്ലിലൂടെ അർഹമായ സംവരണതത്വം പാലിക്കപ്പെടുകയാണെന്ന സത്യം വിസ്മരിക്കരുത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇരുപത് ശതമാനം വരുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം മാത്രമാണ് പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചത്. സ്വയംഭരണ അവകാശമുള്ള ദേവസ്വം ബോർഡുകളുടെ ഭരണത്തിൽ സർക്കാർ കൈകടത്തുന്നത് തെറ്റാണ്. ദേവസ്വം ബോർഡിലേയും റിക്രൂട്ട്മെന്റ് ബോർഡിലേയും അംഗങ്ങളെ നിയമിക്കുന്നതിൽ അഴിമതിയുണ്ടെങ്കിൽ അതിന്റെ ഉത്തരവാദികൾ കേരളത്തിലെ രാഷ്ട്രീയ നേതൃത്വമാണ്. ബോർഡിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ സത്യസന്ധരും സമ്മർദ്ദത്തിനു കീഴടങ്ങാത്തവരും നല്ല സാമൂഹ്യ പശ്ചാത്തലമുള്ളവരുമാണെന്ന് ഉറപ്പുവരുത്തണം. റിക്രൂട്ട്മെന്റ് ബോർഡിൽ അംഗത്വത്തിനുള്ള അയോഗ്യതാ പട്ടികയിൽനിന്ന് ജനപ്രതിനിധികളെ ഒഴിവാക്കണം. ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി റിക്രൂട്ട്മെന്റ് ബോർഡിന്റെ കീഴിൽ കൊണ്ടുവരണം.

<u>ശ്രീ. വി. ശശി</u>: ഭേദഗതിയെ പിന്താങ്ങുന്നു. സാമൂഹ്യമാറ്റത്തിന് വഴി തെളിച്ച 2007-ലെ നിയമനിർമ്മാണത്തെ തകിടം മറിച്ച തീരുമാനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ദേവസ്വം ബോർഡ് നിയമനങ്ങൾക്ക് വേണ്ടി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി സ്പെഷ്യൽ റൂൾസും കൊണ്ടുവന്നതിനുശേഷം പി.എസ്.സി. യെ ഒഴിവാക്കി പുതിയ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നതിലെ സാംഗത്യം വ്യക്തമാക്കണം. സ്പെഷ്യൽ റൂൾസ് തയ്യാറാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. റിക്രൂട്ട് ചെയ്യപ്പെടുന്ന വിധം, സംവരണം ഉൾപ്പെടെയുള്ള കാര്യം, ക്വാളിഫിക്കേഷൻ, നിയമനരീതി എന്നിവ നിർവ്വഹിക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റൂൾ പ്രകാരമായിരിക്കണം. ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കി സർക്കാർ നിയോഗിക്കുന്ന ആറുപേരുള്ള റിക്രൂട്ട്മെന്റ് ബോർഡിനെക്കൊണ്ട് നിയമനങ്ങളെല്ലാം നടത്തിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. Travancore-Cochin Hindu Religious Institution Act പ്രകാരം പരമ്പരാഗത തസ്തികകളിൽ നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയുമോയെന്നും ഭരണഘടനയുടെ 366-ാം അനുച്ഛേദപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗ ഗോത്രവർഗ്ഗം (ഷെഡ്യൂൾഡ് ട്രൈബ്) വിഭാഗത്തിൽനിന്നും ഹിന്ദുക്കളെ മാത്രം നിയമനിർമ്മാണത്തിലൂടെ സംസ്ഥാന ഗവൺമെന്റിന് കൊണ്ടുവരുവാൻ

സാധിക്കുമോയെന്നുമുള്ള കാര്യം പരിശോധിക്കണം. കാരായ്മ സർവ്വീസ് എന്നത് TCHRI ആക്ടിനകത്ത് വ്യക്തമായി നിർവ്വചിച്ചിട്ടുള്ളതിനാൽ റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനകത്ത് അത് വീണ്ടും കൊണ്ടുവരേണ്ട ആവശ്യമില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കൂടാതെ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയെന്ന ആവശ്യം അന്നത്തെ ദേവസ്വം ബോർഡും സർക്കാരും സമ്മതിച്ചിട്ടുള്ള സാഹചര്യത്തിലാണ് ഈ സർക്കാർ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരണവുമായി മുന്നോട്ട് പോകുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂൾസ് ക്ലാരിഫിക്കേഷൻ വരുത്താത്തതിനാൽ നാളിതുവരെ നിയമനം നടത്താൻ സാധിച്ചിരുന്നില്ല. എന്നാൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി നിലവിലെ സ്ഥിതിക്ക് മാറ്റം

വരുന്നതാണ്. ഇതിൽ ഓപ്പൺ കോമ്പറ്റീഷനിലൂടെ മെറിറ്റ് ലിസ്റ്റിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് 68 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 32 ശതമാനവും സംവരണം ലഭിക്കുന്നതാണ്. നാളിതുവരെ അഡ്മിനിസ്ട്രേറ്റീവ് കേഡറിൽ മാത്രം പി.എസ്.സി.നിയമനം നടത്തിയിരുന്ന സ്ഥിതിക്ക് മാറ്റം വരുത്തിക്കൊണ്ട് 90 ശതമാനത്തോളം ദേവസ്വം ബോർഡ് നിയമനങ്ങളും ടി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്കും പുരോഗതിക്കുമായി കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ശബരിമല ക്ഷേത്രത്തിലെ റോഡ് നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നാലുവർഷത്തിനിടയിൽ 450 കോടി രൂപ അനുവദിച്ചതിനുപുറമെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. ആരോഗ്യവകുപ്പിന് കീഴിലുള്ള ശബരിമല മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പമ്പയിലും സന്നിധാനത്തും പുതുതായി ആശുപത്രികൾ നിർമ്മിക്കുകയും ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റുമായി ഉണ്ടാക്കിയ

കരാർപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിരുന്ന തുക 80 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയുണ്ടായി. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി 55 കോടിയോളം രൂപ ചെലവഴിക്കുകയും 242 പോലീസുകാരുടെ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും ചെയ്തു. ആറ്റുകാൽ ദേവി ക്ഷേത്രത്തിലെ ഉത്സവ പ്രവർത്തനങ്ങൾക്കായി വർഷംതോറും ഏകദേശം 10 കോടിയോളം രൂപ അനുവദിക്കാറുണ്ട്. ഗുരുവായൂർ ക്യൂ കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് വ്യാപാരികളുമായി ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം 3-ാം തീയതി യോഗം വിളിച്ചുചേർക്കുന്നതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതോടുകൂടി ദേവസ്വം ബോർഡുകളിൽ ഉണ്ടായിട്ടുള്ള അഴിമതി ആരോപണങ്ങൾക്കും ക്രമക്കേടുകൾക്കും ശാശ്വത പരിഹാരമുണ്ടാക്കുന്നതും ദേവസ്വം ബോർഡുകളെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതുമാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

136. 2-ാം ഖണ്ഡത്തിൽ ,-

(i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കുപകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

137, 139,142, 143, 144, 145, 146, 148, 150, 151, 153, 154, 156, 157, 158, 159, 161, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

163, 164, 165, 166, 167, 168, 169, 170, 171, 172, 174, 175, 177, 178, 181, 184, 185, 186, 187, 188, 189, 191, 192, 193, 194, 195, 196, 197, 200, 201, 203, 204, 205, 206, 207, 208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

172, 191 എന്നീ നമ്പർ ഭേദഗതികൾ 29-നെതിരെ 62 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

നാലാം വകുപ്പ്

209, 210, 211, 212, 214, 216, 217, 218, 219, 220, 221, 222, 223, 224, 228, 229, 230, 231, 233, 234, 235, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

224. ഖണ്ഡം 4(vi) ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ

നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

239, 240, 241, 245, 246, 247, 248, 250, 252, 253, 254, 255, 257, 258, 259, 260, 261, 264, 265, 266, 267, 268, 270, 271, 272, 273, 274, 277, 278, 279,280 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

239. ഖണ്ഡം 5(1)-ൽ "ചെയർപേഴ്സണറും" എന്ന വാക്കിനുപകരം " ചെയർപേഴ്സണും" എന്ന വാക്ക് ചേർക്കുക.

246. ഖണ്ഡം 5(1)-ൽ, " സംഭവിക്കുന്നത് " എന്ന വാക്കിനുപകരം " പൂർത്തിയാകുന്നത്" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

281, 282, 285, 286, 287, 290, 291, 292, 294, 295, 296, 297, 298, 299, 300, 301, 302, 303, 304, 305, 306, 307, 308, 310, 311, 312, 313, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ഭേദഗതി ഇല്ല.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

314, 315, 316, 317, 321, 324, 325, 327, 328, 329, 330, 332, 333, 334, 335 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

339, 340, 341, 343, 344, 345, 347, 348, 349, 350, 352, 353, 354, 355, 357, 358, 359, 361, 362, 365, 366, 367, 368, 369, 371, 372, 373, 374, 375, 377, 378, 380, 381, 382, 383, 384, 385, 386, 387, 388, 389, 390, 391, 392, 393, 395, 396, 397, 398, 399, 400, 401, 402, 403, 405, 406, 407, 408, 410, 411, 412, 413, 414 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

400. ഖണ്ഡം 9(3)(iii)-നുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ഉദ്യോഗാർത്ഥി ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുകയും അതിൽ ഒന്നിൽ കൂടുതൽ തസ്തികകൾക്ക് ഒരേ ദിവസം ബോർഡ് പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായാൽ 3(iii)-ൽ സൂചിപ്പിച്ച അവകാശം നിലനിൽക്കുന്നതല്ല. "

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

416-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

418, 419 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

421, 422, 423, 424 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

425-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

428, 429, 430, 431 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

432. 17-ാം ഖണ്ഡത്തിൽ, "നടത്തിപ്പിനും" എന്ന വാക്കിനു പകരം "നടത്തിപ്പ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

433-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

434, 435, 436, 438, 439, 440, 441 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

(ഭേദഗതിയില്ല.)

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 111, 112, 114, 115, 116, 117, 118, 119, 122, 125, 126, 127, 129, 130, 132, 133, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ

പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ: മുൻകാല ഗവൺമെന്റുകൾ ചർച്ച ചെയ്ത് പാസ്സാക്കിയ പുരോഗമനപരമായ പല നിയമങ്ങളെയും ഇല്ലാതാക്കുന്ന നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നിയമനടപടികൾ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നു. ആ നിയമത്തെ റദ്ദാക്കി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം കുറച്ചിരിക്കുകയാണ്. ഇതുവരെയുണ്ടാക്കിയിട്ടുള്ള എല്ലാ റിക്രൂട്ട്മെന്റ് ബോർഡുകളും അഴിമതിയുടെ കേന്ദ്രങ്ങളായിരുന്നു. ഈ ബിൽ പാസ്സാക്കുന്നതോടെ ദേവസ്വം ബോർഡുകളിൽ അഴിമതിക്കുള്ള വാതിൽ തുറന്നുകൊടുക്കുകയാണ്. ഈ ബില്ലിനോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംസ്ഥാനത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കു ഉപകരിക്കുന്ന ഒരു നിയമമാണിത്. പിന്നോക്ക ജനവിഭാഗങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, സംവരണം നിലനിർത്തുകയെന്ന

ലക്ഷ്യത്തോടെ കൊണ്ടുവന്ന ഈ നിയമം പാസ്സാക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ സഹകരിക്കണം.

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസാക്കണമെന്ന പ്രമേയം 22-നെതിരെ 53 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

## 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ മുദ്രാവാക്യം മുഴക്കിക്കൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു. )

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും തടസ്സമാകാത്ത വിധത്തിൽ കൈകാര്യം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കാനും കരാറുകാർക്കുള്ള കുടിശ്ശിക ഘട്ടംഘട്ടമായി നൽകുവാനും വിവിധ വകുപ്പുകളിൽ ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുവാനും സാധിച്ചു. നിയമസഭാ പ്രവർത്തനങ്ങളിലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിലും സഹകരിക്കാനുള്ള മനോഭാവം പ്രതിപക്ഷം കാണിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പാവപ്പെട്ട രോഗികൾക്ക് ആശ്വാസമേകുന്ന കാരുണ്യ പദ്ധതി ഈ സർക്കാരിന്റെ മാനുഷികമുഖമാണ് വെളിവാക്കുന്നത്. ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനുള്ള ജനപിന്തുണയാണ് ഉപതെരഞ്ഞെടുപ്പുഫലത്തിൽ തെളിഞ്ഞത്. ആരോഗ്യ മേഖലയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വികസനവും കരുതലുമെന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുവാനും കഴിഞ്ഞ

നാലുവർഷം കൊണ്ട് വികസനരംഗത്ത് സുപ്രധാനമായ നേട്ടങ്ങൾ കൈവരിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. ദേശീയ നിരക്കിൽ കേരളത്തെ മുൻപന്തിയിലെത്തിക്കുവാനും കാർഷിക-വ്യാവസായിക മേഖലയ്ക്ക് കൂടുതൽ പരിഗണന നൽകുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും സർക്കാരിന് സാധിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ.കെ.എം. മാണി): സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യത 731 കോടി രൂപയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് ആകസ്മിക നിധിയിൽ നിന്നും അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യതയിൽ വരുന്ന മറ്റ് പ്രധാനപ്പെട്ട ഇനങ്ങളിലേക്കുള്ള ചെലവുകൾ നിരവധിയുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും**

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിൻതാങ്ങുന്നു.

2015 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015 -ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി ധനകാര്യ ഏജൻസികളിൽ നിന്നും ബാങ്കിൽ നിന്നും വായ്പയെടുക്കാനായി സർക്കാർ ഗാരണ്ടി നൽകി വരുന്നുണ്ട്. 2003- ലെ ഗാരണ്ടി നിയമം അനുസരിച്ച് എല്ലാ വർഷവും ഏപ്രിൽ 1-ാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗാരണ്ടികൾ 14,000 കോടി രൂപയിൽ കൂടാൻ പാടില്ലെന്നാണ് വ്യവസ്ഥ. 2014-15-ൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണസ്ഥാപനങ്ങൾക്കുമായി ആകെ 13,523 കോടി രൂപ ഗ്യാരന്റി നൽകിയിട്ടുണ്ട്. മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ എയർപോർട്ട്, ലൈറ്റ് മെട്രോ എന്നീ പ്രമുഖ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ ഗ്യാരന്റി നൽകേണ്ടതിനാൽ പരിധി ഉയർത്തേണ്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ വ്യവസ്ഥ അനുസരിച്ച് ഗാരണ്ടിയുടെ പരിധി 21,000 കോടി രൂപയാക്കി ഉയർത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എ. റ്റി ജോർജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവൺമെന്റ് ഗാരണ്ടിയുടെ പരിധി ഉയർത്തുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്വത്തിന്റെ ഉത്തമ ഉദാഹരണമാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഗവൺമെന്റ് ഗാരണ്ടികളുടെ തുക വർദ്ധിപ്പിക്കുന്നതിനെടുത്ത തീരുമാനം പൊതുമേഖലാസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഗുണകരമാണ്. ലഭ്യമാകുന്ന തുക പൊതുമേഖലാസ്ഥാപനങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോ എന്നത് പരിശോധിക്കണം.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ്

ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

ഭേദഗതി ഇല്ല.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

ഭേദഗതി ഇല്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ.വി. വിജയദാസ് നൽകിയ നോട്ടീസ്, മുഖ്യമന്ത്രിക്കെതിരെ ശ്രീ. എ.കെ. ബാലൻ, ശ്രീ. വി. ശിവൻകുട്ടി എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. സി. ദിവാകരൻ നൽകിയ നോട്ടീസ്, ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസണിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, ശ്രീ. ആർ. സെൽവരാജ് എം.എൽ.എ.-യ്ക്കെതിരെ ശ്രീ. എ.കെ. ബാലൻ നൽകിയ നോട്ടീസ്, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

## പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും പ്രതിപക്ഷ നേതാവിനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി.എൻ. പ്രതാപൻ എന്നിവർ നൽകിയ നോട്ടീസുകളും തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(13-ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.)

(ചോദ്യോത്തര പ്രവർത്തനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചതിന്റെ ഫലമായി സാമാജികർ ചോദ്യങ്ങളെല്ലാം ഓൺലൈനായി നൽകുന്നുണ്ടെന്നും

കടലാസുരഹിത നിയമസഭ എത്രയുംവേഗം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് കരുതുന്നുവെന്നും അടുത്ത സമ്മേളനത്തിലേയ്ക്കുള്ള ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ നോട്ടീസ് ബാങ്കിൽ ഇപ്പോൾത്തന്നെ ഓൺലൈനായി സമർപ്പിക്കാവുന്നതാണെന്നും ചോദ്യോത്തരങ്ങൾ യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ടെന്ന് അറിയിക്കുകയും എല്ലാവർക്കും ഹൃദ്യമായ ഓണാശംസകൾ നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 6.20-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

******************